ണം. ഇപ്പോൾ ആലോചിക്കുന്നത്, ഒരു സെന്റർ പോലുമില്ലാത്ത ബ്ലോക്കിൽ ഒരു ഹെൽത്ത് സെന്റർ കൊടുക്കുക, രണ്ടെണ്ണമുള്ള സ്ഥലത്ത് മൂന്നു ഹെൽത്ത് സെന്റർ കൊടുക്കുക, അല്ലെങ്കിൽ ഒന്നുള്ള സ്ഥലത്ത് രണ്ടെണ്ണമെങ്കിലും കൊടുക്കാമെന്നാണ്. ഇതാണു വസ്തുത. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം, എനിക്കു ലഭിച്ചിട്ടുള്ള വസ്തുത തെറ്റാണെങ്കിൽ ഇന്നു തന്നെ പരിശോധിക്കുകയും അതു തിരുത്തുകയും ചെയ്യാം.

(5) കടുത്തുരുത്തി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി മറ്റു നിയോജകമണ്ഡലങ്ങളിലെ വിവിധ സബ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ടുള്ള ഏതാനും ഇംപ്രൂവ്മെന്റ് വർക്കുകളും ബോർഡിന്റെ സാധാരണയായി നടക്കുന്ന വർക്കുകളും മാത്രമാണ് ഇപ്പോൾ നടക്കുന്നത്. അതുകൊണ്ടുതന്നെ, ജനോപകാരപ്രദവും ഫലപ്രദവുമായ വോൾട്ടേജ് ഇംപ്രൂവ്മെന്റു വർക്കുകൾ നടത്താൻ കഴിയുന്നില്ല. അനുവദിച്ച ട്രാൻസ്ഫോർമറുകൾ നിശ്ചിതസമയത്ത് സ്ഥാപിക്കുന്നതിലും ലൈൻ ഇംപ്രൂവ്മെന്റ് വർക്ക് നടത്തുന്നതിലും കടുത്തുരുത്തി സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുകയാണ്. അതു പരിശോധിക്കണം. അനുവദിക്കപ്പെട്ട വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ സമയത്ത് നടത്താൻ തയ്യാറാകാതെ വീഴ്ച വരുത്തിയതിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. കടുത്തുരുത്തി മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനും പുതിയതായി ഇംപ്രൂവ്മെന്റ് വർക്കുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നേരിടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി സബ് സ്റ്റേഷനുകൾ അനുവദിക്കണമെന്ന ആവശ്യം കാലങ്ങളായി നിലനിൽക്കുന്നതാണ്. എല്ലാ ഗവൺമെന്റുകളും ഇതും അവഗണിച്ചുവരുകയാണ്. ഈ അവഗണന അവസാനിപ്പിച്ചുകൊണ്ട് രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഒരു പുതിയ സബ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കടുത്തുരുത്തി കേന്ദ്രമായി ഒരു മേജർ സെക്ഷനാഫീസും കല്ലറ, പെരുവ എന്നീ പഞ്ചായത്തു കേന്ദ്രങ്ങളിൽ പുതിയ സെക്ഷനാഫീസുകളുടെയും നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. ഈ കാര്യം കൂടി ഗവൺമെന്റിന്റെ പരിഗണനയിലെടുത്തുകൊണ്ട് അനുമതി നൽകണമെന്ന് ആവശ്യപ്പെടുന്നു. നിയോജകമണ്ഡലത്തിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കുറവിലങ്ങാട് ഒരു 66 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി 400 ലക്ഷം രൂപയുടെ പ്രോജക്ടിന് ബോർഡ് ഭരണാനുമതി നൽകി

LIBRARY ARCHIVES Kerala Legislative Assembly